





## പരിസ്ഥിതി സൗഹാർദ്ദ വികസനം സംബന്ധിച്ച് 10.05.18-ന് രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 1.30 വരെ കൊല്ലം ജില്ലാ പബ്ലിക്ക് ലൈബ്രറി ഹാളിൽ നടന്ന ബോധവത്ക്കരണ പരിശീലന പരിപാടിയുടെ റിപ്പോർട്ട്

പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി കൊല്ലം ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറി, എഞ്ചിനീയർ ജില്ലയിലെ ആർക്കിടെക്/ എഞ്ചിനിയേഴ്സ്/ സൂപ്പർ വൈസർമാർ മറ്റ് ബന്ധപ്പെട്ട ഓഫീസുകളിലെ ഉദ്യോഗസ്ഥർ എന്നിവർക്ക് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൊല്ലം പബ്ലിക്ക് ലൈബ്രറി ഹാളിൽ രാവിലെ 10 മണി മുതൽ 10.30 വരെ രജിസ്ട്രേഷനും തുടർന്ന് രണ്ട് സെഷനുകളിലായി പരിസ്ഥിതി വികസനം സംബന്ധിച്ച് ബോധവത്ക്കരണ പരിശീലന പരിപാടിയും നടത്തുകയുണ്ടായി.

പ്രസ്തുത പരിശീലന പരിപാടിയിൽ ആദ്യത്തെ രണ്ട് മണിക്കൂർ പരിസ്ഥിതി സംരക്ഷണവും, തീരദേശ പരിപാലന നിയമവും സംബന്ധിച്ച് ക്ലാസ് നയിക്കുന്നതിനായി KSCSTE, Senior Scientist ഡോ. ഹരിനാരായണൻ അവർകളെ തീരുമാനിച്ചിരുന്നെങ്കിലും, മറ്റ് ജില്ലകളിലും ഇദ്ദേഹത്തിന് ക്ലാസുകൾ നയിക്കേണ്ടതിനാലും ഭരണപരിഷ്ക്കാര കമ്മിറ്റി ഏൽപ്പിച്ച മറ്റ് ചുമതലകൾ ഉള്ളതിനാലും ടി ജില്ലയിൽ ഇദ്ദേഹത്തിന്റെ സേവനം 15.05.18-ന് മുമ്പ് ലഭ്യമല്ലെന്നറിയിച്ചിരുന്നു. ടി സാഹചര്യത്തിൽ കൊല്ലം ജില്ലാ ടൗൺപ്ലാനർ തീരദേശപരിപാലന നിയമം, കേന്ദ്ര തണ്ണീർത്തട സംരക്ഷണ നിയമം 2017, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം തുടങ്ങിയവ സംബന്ധിച്ച് രണ്ട് മണിക്കൂർ ക്ലാസ് നയിക്കുകയും തുടർന്ന് ഒരു മണിക്കൂർ സമയം കൊല്ലം ജില്ലയിലെ മലിനീകരണ നിയന്ത്രണ ബോർഡ് ഓഫീസിലെ എൻവയോൺമെന്റൽ എഞ്ചിനീയർ ശ്രീമതി. സിമി.പി. അവർകൾ പരിസ്ഥിതി സംരക്ഷണനിയമം, എയർ ആക്ട്, വാട്ടർ ആക്ട് മുതലായ നിയമങ്ങൾ സംബന്ധിച്ച് ക്ലാസ് നയിക്കുകയും ചെയ്തു. രണ്ട് സെഷനുകളിലും പരിസ്ഥിതി സംരക്ഷണ നിയമങ്ങളുമായി ബന്ധപ്പെട്ട് നിരവധി സംശയങ്ങൾ പ്രതിനിധികൾ ചോദിക്കുകയും ആയതിനെല്ലാം സംശയ ദുരീകരണം നടത്തുകയും ചെയ്തു. ടി പരിശീലന പരിപാടിയിൽ ആകെ 130 പ്രതിനിധികൾ പങ്കെടുത്തിരുന്നു. പരിശീലന പരിപാടി ഉച്ചയ്ക്ക് 1.30-ന് സമാപിച്ചു.

ഷാരി. എം.വി
ടൗൺ പ്ലാനർ
കൊല്ലം

എ) 150518